ടെലിഫോൺ നമ്പർ : 2512524

പോസ്റ്റ് ബോക്സ് : 5430

ഫാക്സ് : 0471-2305891

പിൻ കോഡ് : 695033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ: കെ.എൽ.എസ്./1673/2026-കെ-ലാംപ്സ് ബി3

തിരുവനന്തപുരം

30-03-2026

## വിജ്ഞാപനം

വിഷയം: കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) - സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസ് ആദ്യ ബാച്ചിന്റെ എഴുത്തുപരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസിന്റെ ഒബ്ജക്റ്റീവ് മാതൃകയിലുള്ള എഴുത്തുപരീക്ഷകളും പഠിതാക്കളുടെ സർട്ടിഫിക്കറ്റ് പരിശോധനയും 2026 മെയ് 3 ഞായറാഴ്ച തിരുവനന്തപുരത്തെ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.

പരീക്ഷയ്ക്കുള്ള അപേക്ഷ K-LAMPS e-portal മുഖേന ഫീസ് വിശദാംശത്തോടൊപ്പം സമർപ്പിക്കണം. അപേക്ഷ 2026 ഏപ്രിൽ 16 വരെ പിഴയില്ലാതെയും 2026 ഏപ്രിൽ 20 വരെ പിഴയോടുകൂടിയും പരീക്ഷാഫീസടച്ച് സമർപ്പിക്കാവുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പഠിതാക്കളെ പരീക്ഷാഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

പരീക്ഷാഫീസ് എസ്.ബി.ഐ. വികാസ് ഭവൻ ബ്രാഞ്ച്, തിരുവനന്തപുരം എന്ന ശാഖയിലെ അക്കൗണ്ട് നമ്പർ 37005174195 ലേക്ക് നേരിട്ടോ അല്ലെങ്കിൽ IFSC: SBIN0070415 ഉപയോഗിച്ച് ഓൺലൈൻ ട്രാൻസ്ഫർ മുഖേനയോ അടയ്ക്കാവുന്നതാണ്. ഫീസ് അടച്ച രസീത് അപേക്ഷയോടൊപ്പം K-LAMPS portal-ൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. K-LAMPS portal-ലേക്കുള്ള ലിങ്ക് നിയമസഭാ വെബ് സൈറ്റായ www.niyamasabha.org ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പരീക്ഷാ സമയക്രമം, പരീക്ഷാ കേന്ദ്രം, പരീക്ഷാ ഫീസ് തുടങ്ങിയ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | സമയം | വിഷയം |
| --- | --- | --- |
| 03.05.2026 | **10.00 am - 11.00 am** | സർട്ടിഫിക്കറ്റ് പരിശോധന |
| | **11.30 am - 1.00 am** | പേപ്പർ I -പാർലമെന്ററി ജനാധിപത്യ സമ്പ്രദായവും ഇന്ത്യൻ ഭരണഘടനയും |
| | **2.00 pm- 3.30 pm** | പേപ്പർ II - കേരള നിയമസഭ |

<u>പരീക്ഷാ കേന്ദ്രം</u>

ഗവ. സിറ്റി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, പി.എം.ജി., തിരുവനന്തപുരം.

<u>പരീക്ഷാ ഫീസ്</u>

| പേപ്പർ | പരീക്ഷാ ഫീസ് (പിഴയില്ലാതെ) ₹ | പരീക്ഷാ ഫീസ്(പിഴ ഉൾപ്പടെ) ₹ |
|---|---|---|
| I | 100/- | 125/- |
| II | 100/- | 125/- |

നിശ്ചിത തീയതിക്കകം പരീക്ഷാ ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചാൽ മാത്രമേ കോഴ്സിന്റെ രജിസ്ട്രേഷൻ നിലനിൽക്കുകയുള്ളൂ. രജിസ്ട്രേഷൻ റദ്ദാകുന്ന പഠിതാക്കൾ വീണ്ടും കോഴ്സിന് പ്രവേശനം നേടേണ്ടതാണ്.

Digitally signed by
Hari P
Date: 30-03-2026
14:35:34